"ഭരണഭാഷ-മാതൃഭാഷ"

# കേരള സർക്കാർ

**സംഗ്രഹം**

കേരളീയ പ്രവാസികാര്യ വകുപ്പ് - കോവിഡ് 19-ന്റെ പശ്ചാത്തലത്തിൽ അർഹരായ പ്രവാസി മലയാളികൾക്ക് അടിയന്തര ധനസഹായം അനുവദിച്ചു കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**കേരളീയ പ്രവാസി കാര്യ (എ)വകുപ്പ്**

**സ.ഉ.(സാധാ) നം.233/2020/നോർക്ക** തീയതി,തിരുവനന്തപുരം, 13/04/2020

പരാമർശം:- 1 കേരള പ്രവാസി കേരളീയ ക്ഷേമ ബോർഡ് ചെയർമാന്റെ 05.04.2020-ലെ കെഎൻആർകെഡബ്ല്യൂബി/സി/2019-നമ്പർ കത്ത്.

2 നോർക്ക-റൂട്ട്സ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 11.04.2020 ലെ കുറിപ്പ്

**ഉത്തരവ്**

കോവിഡ് 19-ന്റെ വ്യാപനത്തെ തുടർന്ന് കടുത്ത ആശങ്കയിലും പ്രതിസന്ധിയിലും കഴിയുന്ന പ്രവാസി മലയാളികൾക്ക് ആശ്വാസം പകരുന്നതിനായി താഴെ പറയുന്ന രീതിയിൽ അടിയന്തര ധനസഹായം അനുവദിച്ച് ഉത്തരവാകുന്നു.

1. കേരള പ്രവാസി കേരളീയ ക്ഷേമ നിധി പെൻഷൻകാർക്ക് ഒറ്റത്തവണ ധനസഹായമായി ₹1000/- (ആയിരം രൂപ മാത്രം) രൂപ വീതം അനുവദിക്കുന്നു.
2. കേരള പ്രവാസി കേരളീയ ക്ഷേമ നിധിയിലെ അംഗങ്ങൾ ആയിട്ടുള്ള കോവിഡ് പോസിറ്റീവ് ആയ എല്ലാവർക്കും ₹10,000/- (പതിനായിരം രൂപ മാത്രം) രൂപ വീതം അടിയന്തര ധനസഹായം അനുവദിക്കുന്നു.
3. 01.01.2020-നോ അതിനു ശേഷമോ വിദേശ രാജ്യങ്ങളിൽ നിന്നും valid passport, valid job visa എന്നിവയുമായി തിരിച്ചെത്തി സർക്കാർ പ്രഖ്യാപിച്ച ലോക്ക് ഡൗൺ കാരണം തൊഴിലിടങ്ങളിലേക്ക് തിരിച്ചു പോകാൻ സാധിക്കാതെ നിൽക്കുന്നവർക്കും ഈ കാലയളവിൽ വിസയുടെ കാലാവധി അധികരിച്ചവർക്കും ₹5,000/- (അയ്യായിരം രൂപ മാത്രം) രൂപ വീതം അടിയന്തര ധനസഹായം അനുവദിക്കുന്നു.
4. സാന്ത്വന പദ്ധതിയിലെ രോഗങ്ങളുടെ പട്ടികയിൽ കോവിഡ് 19 കൂടി ഉൾപ്പെടുത്തി പോസിറ്റീവ് ആയി രോഗം സ്ഥിരീകരിച്ചിട്ടുള്ള എല്ലാ പ്രവാസികൾക്കും ₹10000/- (പതിനായിരം രൂപ മാത്രം) രൂപയുടെ ധനസഹായം അനുവദിക്കുന്നു.

ഓൺലൈൻ സംവിധാനങ്ങൾ ക്രമീകരിച്ചു കൊണ്ട് കോവിഡ് 19 ധനസഹായ പദ്ധതിയുമായി ബന്ധപ്പെട്ട അപേക്ഷകൾ സ്വീകരിച്ച് ചുവടെ പ്രതിപാദിച്ചിട്ടുള്ള വ്യവസ്ഥകൾക്ക് വിധേയമായി ധനസഹായം സമയബന്ധിതമായി വിതരണം ചെയ്യുന്നതിനു വേണ്ട നടപടികൾ നോർക്ക-റൂട്ട്സ്, കേരള പ്രവാസി കേരളീയക്ഷേമ ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർമാർ സ്വീകരിക്കേണ്ടതാണ്.

- ക്രമ നമ്പർ (1), (2) പ്രകാരമുള്ള ധനസഹായം കേരള പ്രവാസി കേരളീയക്ഷേമ ബോർഡിന്റെ തനതു ഫണ്ടിൽ നിന്നും വഹിക്കേണ്ടതാണ്.

- ക്രമ നമ്പർ (3), (4) പ്രകാരമുള്ള ധനസഹായം നൽകുന്നതിനായി നോർക്ക-റൂട്ട്സിന്റെ തനതു ഫണ്ടിൽ നീക്കിയിരിപ്പില്ലാത്തതിനാൽ, ബഹു.മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും അനുവദിക്കേണ്ടതും, പ്രസ്തുത തുക പിന്നീട് 2020-21 സാമ്പത്തിക വർഷത്തെ യഥാക്രമം ലോക കേരള സഭ (LKS) വിഹിതമായ 10 കോടിയിൽ (ശീർഷകം-2230-01-103-90) നിന്നും, സാന്ത്വന ബഡ്ജറ്റ് വിഹിതമായ 27 കോടിയിൽ (ശീർഷകം-2230-01-103-39) നിന്നും റീ-ഇംപേഴ്സ് ചെയ്തു നൽകുന്നതുമാണ്. റവന്യൂ (ഡി.ആർ.എഫ് ) വകുപ്പിൽ നിന്നും ഈ തുക നോർക്ക റൂട്സിലെ ഡി.ഡി.ഓ ആയ ഫിനാൻസ് മാനേജരുടെ പേരിൽ അനുവദിക്കാനുള്ള തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ജനാർദ്ദനൻ കെ**

**ജോയിന്റ് സെക്രട്ടറി**

(1) ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, നോർക്ക-റൂട്ട്സ്, തിരുവനന്തപുരം.
(2) ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കേരള പ്രവാസി കേരളീയക്ഷേമ ബോർഡ്, തിരുവനന്തപുരം.
(3) പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജി&എസ്.എസ്.എ.), കേരളം, തിരുവനന്തപുരം.
(4) ധനകാര്യ വകുപ്പ് (1491390/Exp.B3/118/2020-FIN പ്രകാരം).
(5) റവന്യൂ (ഡി.ആർ.എഫ്.) വകുപ്പ്.
(6) കരുതൽ ഫയൽ / ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം,

Signature Not Verified

Digitally signed by PRADEEP R S
Date: 2020.04.13 18:25:31 IST
Reason: Approved

സെക്ഷൻ ഓഫീസർ.